VIII. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം. ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുന്ന ഒരു ഓറൽ അമൻറുമെൻറ് അവതരിപ്പിക്കുകയാണ്. വൈകുന്നേരം 4 മുതൽ 6 വരെ ഒരു വിഷയം ചർച്ചയ്ക്കു വച്ചിരിക്കുകയാണ്. ''കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിൻെറ'' അവതരണാനുമതി, വൈകുന്നേരം 6 മുതൽ 8വരെ ''കേരള ഗ്രന്ഥശാലാസംഘം ബിൽ''. വൈകുന്നേരം വച്ചിരിക്കുന്ന ഈ രണ്ടിനേയും ഞങ്ങൾ അംഗീകരിച്ചിട്ടില്ല. പിന്നെ പിറേറ ദിവസവും ഉണ്ട്. ജൂലായ് 24–ാം തീയതി 4 മുതൽ 8 മണിവരെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം. 28–ാം തീയതിയും ബിൽ ചർച്ച 4 മണി മുതൽ 8 മണിവരെ വച്ചിരിക്കുകയാണ്. വൈകുന്നേരം ഇരിക്കുന്ന ഈ സമ്പ്രദായത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. പ്രധാനമായും പറയുന്നത് ബില്ല് പാസ്സാക്കി എടുക്കാനാണ് എന്നാണ്. ബില്ല് പാസ്സാക്കി എടുക്കുന്നതിന് നമുക്ക് ആഗസ്റ്റിലും സമ്മേളനം വയ്ക്കാവുന്നതാണ്. ഇപ്പോൾ ജൂലായ് ആയിട്ടേയുള്ളൂ. ആഗസ്റ്റിലും വയ്ക്കാം. ഇവിടെ 38–ഓളം ഓർഡിനൻസ് ഉണ്ട്. ഇത് പ്രത്യേകിച്ചും ഓർഡിനൻസ് സർക്കാരാണ്. ഇപ്പോൾ തന്നെ വൈകുന്നേരം ഇരുന്നുകൊണ്ട് പാസ്സാക്കി എടുക്കണമെന്നുള്ള യാതൊരു നിർബന്ധവും പിടിക്കാതെ ആഗസ്റ്റ് മാസം കൂടാവുന്നതാണ്. ഞങ്ങൾ എപ്പോഴും തയ്യാറാണ്. രാവിലെ 8 1/2 മുതൽ 1.30 വരെ ഇരിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ വൈകുന്നേരം ഇരിക്കാൻ ചില മന്ത്രിമാർക്കൊക്കെ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് വൈകുന്നേരം ഇരിക്കാൻ പാടില്ലെന്ന്. പ്രത്യേകിച്ചും കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് പ്രതിപക്ഷവുമായി യോജിച്ച് ഈ അസംബ്ലിനടപടി കൊണ്ടുപോകുന്നതാണ് നല്ലത് എന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അതിനുവേണ്ടി ഞങ്ങൾ മാക്സിമം പ്രവർത്തിച്ചു. പക്ഷേ മന്ത്രിമാർക്ക് ഇരിക്കാൻ സമയമില്ല. നിങ്ങൾക്ക് കൂടാൻ സമയവുമില്ല. ആഗസ്റ്റിൽ നമുക്ക് കൂടാം. തുടർച്ചയായിട്ട് ഇരിക്കാം. സെപ്റ്റംബറിലും കൂടാം. 38–ഓളം ഓർഡിനൻസുള്ള ഒരു ഓർഡിനൻസ് സർക്കാരാണിത്. മുൻപ് ബീഹാറായിരുന്നു ഒന്നാം സ്ഥാനത്തുനിന്നിരുന്നത്. ബീഹാറിനെ കേരളം തോൽപ്പിച്ചു. ഇപ്പോൾ കേരളത്തിനാണ് ഫസ്റ്റ് പ്രൈസ്. ബില്ല് പാസ്സാക്കാതെ അസംബ്ലി കൂടാതെ ഓർഡിനൻസ് വഴി പോകുന്നതിൻെറ ഒന്നാം സമ്മാനം കേരളത്തിനാണ്. ബീഹാറിനിപ്പോൾ പതിനാറോ പതിനെട്ടോ എണ്ണമേയുള്ളൂ. ഇവിടെ ഇപ്പോൾ 38–ൽ ചിലപ്പോൾ ഓർഡിനൻസ് ഉണ്ട്. അതുകൊണ്ട് ഈ കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ഞങ്ങൾക്ക് അംഗീകരിക്കാൻ നിവൃത്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ച് ഈവക കാര്യങ്ങൾക്ക് തീരുമാനം എടുക്കുന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

ധാർമ്മികമായും ജനാധിപത്യപരമായും ഔചിത്യമുള്ളത്. പ്രതിപക്ഷ അതിന് നിർവ്വാഹമില്ലാത്ത ഒരു സ്ഥിതിവിശേഷം വന്നു. വൈകുന്നേരം ഇരിക്കണമെന്ന പിടിവാശി ഗവൺമെൻറിൽ നിൽക്കുകയാണ്. 10—38 ഓർഡിനൻസുകളും ഉണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഇപ്പോൾ 4—5 എണ്ണം മാത്രമേ ഈ ഗവൺമെൻറിന് കൊണ്ടുവരാൻ കഴിയുകയുള്ളൂ. അപ്പോൾ, ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ജനാധിപത്യപരമായ വ്യഗ്രതയുടെ ഫലമായി വൈകുന്നേരംകൂടി ഇരിക്കണമെന്ന് ഗവൺമെൻറിന് പറയാൻ ഒക്കുകയില്ല. കാരണം ഇങ്ങനെ വൈകുന്നേരം ഇരുന്നാലും ഈ റിപ്പോർട്ട് പ്രകാരം നാലോ അഞ്ചോ ഓർഡിനൻസുകളേ റീപ്ലേസ് ചെയ്യാൻ കഴിയുകയുള്ളൂ. ബാക്കി അവിടെ കിടക്കുകയാണ്. ഇവിടത്തെ ചർച്ച ജനങ്ങൾ അറിയണം. പത്രങ്ങളിലൂടെയാണ് ജനങ്ങൾ അറിയുന്നത്. രാവിലെ തൊട്ട് വൈകുന്നേരം വരെ ചർച്ച നടത്തിയശേഷം ജനങ്ങൾ അറിയാതെ, ചർച്ച ജനങ്ങളിൽനിന്ന് മറച്ചുവച്ച് ഇത് പാസ്സാക്കി എടുത്തുകളയാമെന്നുള്ള ഒരൊറ്റ വ്യാമോഹമാണ് വൈകുന്നേരം ഇരിക്കണമെന്ന പിടിവാശിയിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു നമുക്ക് ചില കീഴ്വഴക്കങ്ങളും മര്യാദകളും ഉണ്ട്. ദയവുചെയ്ത് പിടിവാശി പിടിക്കരുത്. വേണമെങ്കിൽ എന്നും വോട്ടിനിട്ട് പാസ്സാക്കാം. ചർച്ച ഇല്ലാതെ പാസ്സാക്കാം. ഈ 37 എണ്ണവും വേണമെങ്കിൽ ഗവൺമെൻറിന് ചർച്ചയില്ലാതെ പാസ്സാക്കാം. ഭൂരിപക്ഷ പ്രകാരം തീരുമാനിക്കും. ആ മനോഭാവത്തിലേക്ക് നീങ്ങിയാൽ ജനാധിപത്യ വിരുദ്ധ ഏകാധിപത്യ രാഷ്ട്രീയത്തിൻെറ അടിത്തറയിലേക്ക് നിങ്ങൾ വഴുതി വീഴപ്പെടും. അതിലേക്ക് പോകാതിരിക്കാനാണ് ഞങ്ങൾ ഈ ഘട്ടത്തിലും ഇതിനെ എതിർക്കുന്നത്.

ശ്രീ. ബേബി ജോൺ: സർ, ഇത് വളരെ അസാധാരണമായ നടപടിയാണ്. സാധാരണഗതിയിൽ യോജിച്ച് അവതരിപ്പിക്കുന്ന റിപ്പോർട്ടാണ്. നിർഭാഗ്യവശാൽ അങ്ങനെ യോജിച്ച് തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. ഒരുപക്ഷേ ഭരണകക്ഷി ഭാഗത്ത് പറയുന്നത് ഞങ്ങൾ സഹകരിക്കുന്നില്ല എന്നായിരിക്കും. അതു ശരിയല്ല. അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. വളരെയേറെ ചർച്ചകൾ നടന്നതിനുശേഷം അവസാനം 2 ദിവസം വേണമെങ്കിലും ഇരിക്കാമെന്ന് ഞങ്ങൾ പറഞ്ഞു. എന്താണ് ഇതിൻെറ കാര്യമെന്ന് ചോദിച്ചാൽ ഫിനാൻസ് ബില്ലിൻെറയും അപ്രോപ്രിയേഷൻ ബില്ലിൻേറയും ചർച്ച കഴിഞ്ഞിട്ട് വൈകുന്നേരം ഇരിക്കണമെന്ന് പറഞ്ഞാൽ ചർച്ച ഒരു അപഹാസ്യമാക്കാൻ മാത്രമാണ്. ഒരു പ്രഹസനമാക്കി മാറ്റുക എന്നുള്ളതിൽ കവിഞ്ഞ് ഗവൺമെൻറിന് മറൊന്നും ഉദ്ദേശമില്ല. ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നതിനുവേണ്ടിമാത്രം നിയമസഭാ സമ്മേളനങ്ങൾ കൂടിയാൽ ഇങ്ങനെ ബുദ്ധിമുട്ടുകൾ വരും. ഈ ഓർഡിനൻസ് റീപ്ലേസ് ചെയ്യണം. അതു കണക്കാക്കി നേരത്തെ കൂടേണ്ടതായിരുന്നു. നേരത്തെ ചർച്ച ചെയ്തത് നിയമമാക്കിക്കൂടായിരുന്നോ? അതിന് നിങ്ങൾക്ക് സമയമില്ല. ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നതിനുവേണ്ടി മാത്രമാണ് നിയമസഭ വിളിച്ചുകൂട്ടുന്നത്. നിയമസഭയുടെ പ്രധാനപ്പെട്ട ജോലിയായ നിയമനിർമ്മാണത്തെ മറികടന്നുകൊണ്ട് ഓർഡിനൻസിനെമാത്രം ആശ്രയിച്ചുകൊണ്ട് നിൽക്കുന്ന ഒരു ഭരണകൂടമാണിത്. ഓർഡിനൻസ് റീ ഇഷ്യൂ ചെയ്യുന്നതിനെക്കുറിച്ച് ഹൈക്കോടതിയുടെ വിധി വന്നിട്ടുണ്ട്. അത് അസാധുവാക്കിയിട്ടുണ്ട്. നമുക്ക് 31—ാം തീയതി കഴിഞ്ഞ് തുടർന്നിരിക്കാം. തുടർന്നിരുന്ന് ഒന്നാം തീയതിയും രണ്ടാം തീയതിയുമൊക്കെ ഇത് പാസ്സാക്കാം. അതിനുള്ള അവസരങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളുണ്ടാക്കി ചെയ്യുന്നതിനു പകരം ഇങ്ങനെ നിയമസഭാ പ്രവർത്തനങ്ങളെ ഒരു പ്രഹസനമാക്കി മാറ്റാത്തക്ക രീതിയിലുള്ള ഭരണപക്ഷത്തിന്റെ ഭൂരിപക്ഷം വച്ചുകൊണ്ടുള്ള ശ്രമം, നിർഭാഗ്യകരമാണ്. മുഖ്യമന്ത്രി ഇത് പുനരാലോചിക്കണം. നേരത്തെ അങ്ങ് സൂചിപ്പിച്ചതുപ്പോലെ യോജിപ്പിനുവേണ്ടി അവസാനം രണ്ടുദിവസം, ഞങ്ങളും സമ്മതിച്ചതാണ്. നമുക്ക് ഒന്നിച്ച് വീണ്ടും ആ കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഏകപക്ഷീയമായി ഈ സഭ നിറുത്തിവയ്ക്കാൻ നിർദ്ദേശിച്ചതിന്റെ ഫലമായിട്ടാണ് ഈ ദുർഗ്ഗതി വന്നത്. ഇവിടെയുള്ള ഓർഡിനൻസുകളുടെ എണ്ണം നോക്കുമ്പോൾ ഏഴാം നിയമസഭയിൽ ഇത് തീരുകയില്ല. ഇത് എട്ടാം നിയമസഭയിലേക്ക് പോകും. എട്ടാം നിയമസഭയിലേക്ക് പോകുന്നതിനുള്ളത്രയും എണ്ണം ഇവിടെയുള്ളപ്പോൾ നാലെണ്ണത്തിന് എന്തിനാണ് ഈ പിടിവാശി? ഈ നിയമസഭ കഴിഞ്ഞ് 30-ൽ അധികം ഓർഡിനൻസുകൾ പുനഃപ്രഖ്യാപിക്കേണ്ടതുണ്ട് എന്നുള്ളതിന് യാതൊരു സംശയവുമില്ലാത്തപ്പോൾ എന്തിനാണ് നാലെണ്ണത്തിന് ഈ പിടിവാശി? എന്തെങ്കിലും ഭേദഗതി അടിയന്തിരമായി കൊണ്ടുവരേണ്ടതുണ്ടോ? എങ്കിൽ അത് പുനഃപ്രഖ്യാപിക്കുമ്പോൾ കൊണ്ടുവരാം. ഈ പിടിവാശി ഈ ഗവൺമെന്റിന്റെ ഏകപക്ഷീയമായ സമീപനമാണ് കാണിക്കുന്നത്. ഏറ്റവും ഡിക്ടേറ്റോറിയലായിട്ടുള്ള നടപടിക്രമമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ബിസിനസ്സിന്റെ കാര്യത്തിൽപ്പോലും, പ്രതിപക്ഷത്തോട് യോജിക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ലെന്നുണ്ടെങ്കിൽ ലജ്ജയില്ലേ. ലജ്ജയില്ലേ എന്ന് ഈ നാണംകെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നിർഭാഗ്യവശാൽ പ്രതിപക്ഷനേതാവിന്റെ ഭേദഗതി സ്വീകരിക്കാൻ സാധിക്കാത്തതിൽ ഖേദമുണ്ട്. ഈ സഭ അംഗീകരിച്ച ചില കീഴ്വഴക്കങ്ങളുണ്ട്. ആ കീഴ്വഴക്കങ്ങളെ ലംഘിക്കരുതെന്നാണ്. ഉച്ചതിരിഞ്ഞ് ഇരിക്കുക എന്നുള്ളത് ഒരു അപരാധമല്ല. ഈ നിയമസഭയുടെതന്നെ സമയം വൈകുന്നേരംവരെയായിരുന്നു. ഗവൺമെന്റിന്റെ സൗകര്യത്തിനുവേണ്ടി, സെക്രട്ടേറിയേറ്റ് വർക്ക് തടസ്സപ്പെടരുത് എന്നു വിചാരിച്ചാണ് ഈ സഭയുടെ കാലാവധി ഉച്ചവരെയാക്കിയത്.

ശ്രീ. ബേബി ജോൺ: അങ്ങനെയൊന്നുമല്ല. നമ്മളും രണ്ടുപേരും ഈ നിയമസഭയിലുണ്ടായിരുന്നപ്പോഴാണ് ഇത് തീരുമാനിച്ചത്.

ശ്രീ. കെ. കരുണാകരൻ: അതിനുവേണ്ടിതന്നെയായിരുന്നു. നമ്മുടെ മാതൃസ്ഥാപനം പാർലമെന്റാണ്. സമയം കഴിഞ്ഞ് രാത്രി 12 മണി, 1 മണി, 2 മണി വരെയൊക്കെ അവർ ഇരിക്കുന്നുണ്ട്. മാത്രവുമല്ല ഇവിടെയാണെങ്കിൽ നമുക്കു പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ട് ഏത്രദിവസം ചർച്ച ചെയ്താലും ശരി സബ്ജക്ട് കമ്മിറ്റിക്ക് പോകണം. സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് വന്നാൽ പിന്നേയും ചർച്ച വേണം. നമ്മൾ ഉദ്ദേശിച്ചതിൽനിന്നും വ്യത്യസ്തമായ ചില അനുഭവങ്ങളുണ്ടായിട്ടുണ്ട്. എന്തായാലും, ശരി ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ജനാധിപത്യത്തെക്കുറിച്ചും നല്ല കീഴ്വഴക്കങ്ങളെക്കുറിച്ചുമൊക്കെ പ്രതിപക്ഷം പറയുമ്പോൾ അവരുടെ മനസ്സിൽ തോന്നുന്നത് നടത്താനും കൂടി

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കണേ എന്ന് ഈശ്വരനോട് പ്രാർത്ഥിക്കുകയാണ്. കാരണം ഈ സഭ കൂടിയതിനുശേഷം ബില്ലിനുവേണ്ടി ദിവസങ്ങൾ മാറിവച്ചിരുന്നു. ആ ദിവസങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ നിയമസഭാവേദി മറ്റു സമരമുറകൾക്ക് ഉപയോഗിച്ച്, തടസ്സപ്പെടുത്തുന്ന കീഴ്വഴക്കം നല്ലതാണോ? നിങ്ങൾ ആലോചിക്കാൻ വേണ്ടി മാത്രം പറയുകയാണ്.....(ബഹളം).....അതിന്റെ ഫലമായി കുറെ ദിവസങ്ങൾ നഷ്ടപ്പെട്ടു. ഇന്നുതന്നെ ഇത് കൊണ്ടുവരാൻ കാരണം ഇതിനുമുമ്പ് സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ നാലു ബില്ലുകളെസംബന്ധിച്ചിടത്തോളം നമ്മൾ ഒരു ധാരണയിലെത്തി. ആ ധാരണയനുസരിച്ച് ഈ നാലു ബില്ലുകളും ഈ സെഷനിൽ പാസ്സാക്കണം. കാരണം ഇത് പ്രസിഡൻറിന്റെ അസന്റിനു പോകേണ്ട നിയമമാണ്. ബഹുമാനപ്പെട്ട ബേബിജോൺ വളരെ ഭംഗിയായിട്ട് പറഞ്ഞു ഒന്നും രണ്ടും തീയതികളിലിരിക്കാമെന്ന്. വളരെക്കാലം ഭരണത്തിലിരുന്ന ആളുകൾക്കറിയാം 45 ദിവസം കഴിഞ്ഞാൽ ഈ ഓർഡിനൻസിന് വിലയില്ലാതാകുന്ന സ്ഥിതി വരും. അദ്ദേഹം അതിനും ഒരു മറുപടി പറയുമായിരിക്കാം,....., (ബഹളം) .....പിന്നീട് റിട്രോസ്പക്ടീവ് ഇഫക്ട് വച്ച് പാസ്സാക്കാമെന്ന്. അതിനിടയിൽവരുന്ന ഗ്യാപ്പിന്റെ സമയത്ത് നടക്കുന്നതിനൊക്കെ അത് നടന്നു കഴിഞ്ഞതിനുശേഷം റിട്രോസ്പക്ടീവ് ഇഫക്ട് കൊടുത്താൽ ഉണ്ടാകുന്നതെന്താണെന്ന് നമുക്കറിയാമല്ലോ. ബിസിനസ് അഡൈസറികമ്മിറ്റിയിൽ പാസ്സാക്കാമെന്ന് പ്രതിപക്ഷം സമ്മതിച്ച ബിൽ അല്ലാതെ ഒരു ബില്ലുപോലും പാസ്സാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല..... ..... (ബഹളം) .....ഉത്തരവാദപ്പെട്ട നേതാക്കൻമാർ ഇങ്ങനെ നിഷേധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അവർ അങ്ങനെ നിഷേധിക്കുകയില്ല. നാല് ബിൽ പാസ്സാക്കേണ്ടതെ ആവശ്യമാണെന്ന ബോദ്ധ്യമുണ്ട്. നമുക്കുള്ള പ്രായോഗികമായ ബുദ്ധിമുട്ട് ഈ സഭയിൽ പറയേണ്ട കാര്യമാണ്. ഇപ്പോൾ ഈ നാലു ബില്ലിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച ഒന്നു രണ്ടു ബില്ലുകളുണ്ട്. അത് പാസ്സാക്കാൻവേണ്ടി ഉച്ചതിരിഞ്ഞ് ഇരിക്കണമെന്നുള്ളത് ജനാധിപത്യമര്യാദയുടെ ഏറ്റവും വലിയ സംഗതിയാണ്. ഇത്ര അത്യാവശ്യമായ കാര്യത്തിനുപോലും പ്രതിപക്ഷം സഹകരിക്കാതെ നിഷേധാത്മകമായ നിലപാട് എടുക്കുന്നത് ജനാധിപത്യത്തിൽ നല്ല കീഴ്വഴക്കമാണോ? നല്ല കീഴ്വഴക്കങ്ങളുണ്ടാക്കാൻ, ഇതിനെ എതിർക്കാതെ യൂനാനിമസ്സായിട്ട് അംഗീകരിക്കണം. ഭൂരിപക്ഷകക്ഷി ഇവിടെ അധികാരത്തിൽവരുന്നതുതന്നെ ജനാധിപത്യത്തിന്റെ മൗലികമായ സംഗതിയാണ്. പ്രതിപക്ഷമാണെന്നുള്ളതുകൊണ്ട് അവർ പറയുന്നതെല്ലാം തലേലെഴുത്തായി സ്വീകരിക്കണമെന്ന് ജനാധിപത്യത്തിൽ വഴക്കമില്ല. അതുകൊണ്ട് നിങ്ങൾ എതിർത്തതുകൊണ്ടു മാത്രം കാര്യമില്ല. ഇത് പാസ്സാക്കേണ്ടത് വളരെ അത്യാവശ്യമായതുകൊണ്ടും പ്രതിപക്ഷം ഈ നാലു ബിൽ പാസ്സാക്കുവാൻ സമ്മതിച്ച കാര്യമായതുകൊണ്ടും ഈ ഭേദഗതി സ്വീകരിക്കാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. ഇത് പാസ്സാക്കിത്തരണം.

ശ്രീ ഇ. കെ. നായനാരുടെ ഭേദഗതി സഭ വോട്ടിനിട്ടു തള്ളി.

ശ്രീ. ബേബിജോൺ: സർ; ഞാൻ പോയ് ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. അതിൽ സഭ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തിയതായി തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—50

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. സി. കെ. ചക്രപാണി
9. ,, കെ. ആർ. ചന്ദ്രമോഹനൻ
10. ,, കെ. ചന്ദ്രശേഖരൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, എം. ജിനദേവൻ
19. ,, ഇ. കെ. നായനാർ
20. ,, കെ. ടി. കണാരൻ
21. ,, എം. കെ. കേശവൻ
22. ,, വി. കേശവൻ
23. ,, സി. ടി. കൃഷ്ണൻ
24. ,, കെ. കൃഷ്ണൻ കുട്ടി
25. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
26. ,, കെ. ടി. കുമാരൻ
27. ,, പി. കുമാരൻ
28. ,, പി. വി. കുഞ്ഞിക്കണ്ണൻ
29. ,, ലോനപ്പൻ നമ്പാടൻ
30. ,, സി. പി. മുസ്സാൻകുട്ടി
31. ,, കെ. മൂസ്സക്കുട്ടി
32. ,, എ. കെ. പത്മനാഭൻ
33. ,, ഇ. പത്മനാഭൻ
34. ,, കെ. പങ്കജാക്ഷൻ
35. ,, ടി. പി. പീതാംബരൻ മാസ്റ്റർ
36. ,, കെ. പി. പ്രഭാകരൻ
37. ,, കെ. പുരുഷോത്തമൻ
38. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
39. ശ്രീ. വി. കെ. രാജൻ
40. ,, കാനം രാജേന്ദ്രൻ
41. ,, എ. സി. ഷൺമുഖദാസ്
42. ,, ഡോക്ടർ എ. സുബ്ബറാവു
43. ,, എ. വി. താമരാക്ഷൻ
44. ,, സി. കെ. തങ്കപ്പൻ
45. ,, വി. ജെ. തങ്കപ്പൻ
46. ,, എസ്. ആർ. തങ്കരാജ്

LIBRARY ARCHIVES Kerala Legislative Assembly

47. ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി)
48. ,, ആർ. എസ്. ഉണ്ണി
49. ,, ജി. വരദൻ
50. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—76

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊമ്പയിൽ അഹമ്മദ്ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നിബഹനാൻ
11. ,, പി. ഭാസ്കരൻ
12. ,, വി. ദിനകരൻ
13. ,, എം. പി. ഗംഗാധരൻ
14. ,, എ. ജോർജ്ജ്
15. ,, പി. സി. ജോർജ്
16. ,, കെ. എം. ഹംസക്കുഞ്ഞ്
17. ,, എം. എം. ഹസ്സൻ
18. ,, എ. എസ്. ജേക്കബ്
19. ,, ടി: എം. ജേക്കബ്
20. ,, സി. ജി. ജനാർദ്ദനൻ
21. ,, ടി. എസ്. ജോൺ
22. ,, എ. സി. ജോസ്
23. ,, ഡോക്ടർ കെ. സി. ജോസഫ്
24. ,, കെ. സി. ജോസഫ്
25. ,, പി. ജെ. ജോസഫ്
26. ,, വി. വി. ജോസഫ്
27. ,, കെ. കെ. നായർ
28. ശ്രീമതി എം. കമലം
29. ശ്രീ. കെ. ജി. ആർ. കർത്താ
30. ,, ജി. കാർത്തികേയൻ
31. ,, കെ. കരുണാകരൻ
32. ,, പി. കെ. കുഞ്ഞാലിക്കുട്ടി
33. ,, മണിമംഗലത്തു കുട്ട്യാലി
34. ,, ഇ. ജെ. ലൂക്കോസ്
35. ,, കെ. പി. എ. മജീദ്
36. ,, കെ. എം. മാണി
37. ,, എം. വി. മാണി
38. ,, കെ. മുഹമ്മദാലി
39. ,, ഇ. ടി. മുഹമ്മദ് ബഷീർ
40. ,, പി. എ. മുഹമ്മദ്കണ്ണ്
41. ,, പി. വി. മുഹമ്മദ്
42. ,, ടി. എച്ച്. മുസ്തഫ

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
44. ,, കെ. പി. നൂറുദ്ദീൻ
45. ,, ഉമ്മൻ ചാണ്ടി
46. ,, സി. വി. പത്മരാജൻ
47. ,, തച്ചടി പ്രഭാകരൻ
48. ,, കെ. രാഘവൻമാസ്റ്റർ
49. ,, രാഘവൻ പൊഴക്കടവിൽ
50. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
51. ,, കെ. പി. രാമചന്ദ്രൻനായർ
52. ,, എസ്. രാമചന്ദ്രൻപിള്ള
53. ,, തേറമ്പിൽ രാമകൃഷ്ണൻ
54. ,, കെ. പി. രാമൻ
55. ,, രമേശ് ചെന്നിത്തല
56. ,, തോപ്പിൽ രവി
57. ,, വയലാർ രവി
58. ,, എൻ. ശക്തൻനാടാർ
59. ,, പി. സീതിഹാജി
60. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
61. ,, കടവൂർ ശിവദാസൻ
62. ,, നാലകത്തു സൂപ്പി
63. ,, കെ. കെ. ശ്രീനിവാസൻ
64. ,, എൻ. ശ്രീനിവാസൻ
65. ,, പന്തളം സുധാകരൻ
66. ,, സി. എം. സുന്ദരം,
67. ,, എൻ. സുന്ദരൻനാടാർ
68. ,, വി. സുരേന്ദ്രൻപിള്ള
69. ,, പി. പി. തങ്കച്ചൻ
70. ,, സി. എഫ്. തോമസ്
71. ,, കെ. കെ. തോമസ്
72. ,, പി. സി. തോമസ് (തിരുവല്ല)
73. ,, തോമസ് കല്ലംപള്ളി
74. ,, പി. കെ. വേലായുധൻ
75. ,, ടി. വി. വിജയരാജൻ
76. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ	50
പ്രതികൂലിക്കുന്നവർ	76
നിഷ്പക്ഷതപാലിക്കുന്നവർ	ആരുമില്ല

ഭേഗതി സഭ തള്ളിയിരിക്കുന്നതായി പ്രഖ്യാപിച്ചു.

കാര്യോപദേശകസമിതിയുടെ 20-ാമത് റിപ്പോർട്ട് സഭ വോട്ടിനിട്ട് അംഗീകരിച്ചു.

IX. ധനകാര്യം

1986–87 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകൾ

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–87 സാമ്പത്തികവർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റും 1981–82, 1982–83, 1983–84 എന്നീ വർഷങ്ങളിലേക്കുള്ള അധികധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly